# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഒക്ടോബർ 18**

---

## എം.ജി സർവകലാശാലയിൽ കാരിക ഫോക്‌ലോർ ഫെസ്റ്റ് 22 മുതൽ

*മഹാത്മാഗാന്ധി സർവകലാശാലയിലെ സ്‌കൂൾ ഓഫ് ലെറ്റേഴ്‌സ് വി.സി. ഹാരിസ് വൈജ്ഞാനിക സദസ്സിന്റെ ഭാഗമായി മുംബൈ കേളിയുമായി സഹകരിച്ചു നടത്തുന്ന ഫോക് ലോർ ഫെസ്റ്റ് -കാരിക ഒക്ടോബർ 22 മുതൽ 25 വരെ നടക്കും. രാജ്യാന്തര സെമിനാർ, സ്മാരക പ്രഭാഷണം, കലാകാരൻമാരുമായുള്ള മുഖാമുഖം, എക്സിബിഷൻ, കലാവിരുന്ന്, സിനിമാ പ്രദർശനം തുടങ്ങിയവ പരിപാടിയുടെ ഭാഗമായി നടക്കും.*

*വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ 22ന് രാവിലെ 10.3ന് സ്‌കൂൾ ഓഫ് ലെറ്റേഴ്‌സിൽ നടക്കുന്ന ചടങ്ങിൽ ഉദ്ഘാടനം നിർവഹിക്കും. സ്‌കൂൾ ഓഫ് ലെറ്റേഴ്‌സ് ഡയറക്ടർ ഡോ. സജി മാത്യു അധ്യക്ഷത വഹിക്കും. സർവകലാശാലയിലെ ഇന്റർ യൂണിവേഴ്‌സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ഡയറക്ടർ ഡോ.കെ.എം. സീതി വി.സി ഹാരിസ് സ്മാരക പ്രഭാഷണം നടത്തും.*

*ഭഡോ. ശ്രീകാർവൻ, ഗീത വിൽസൺ, സജനീവ് ഇത്തിത്താനം, പ്രഫ.എസ്. കാർമേഘം, ഡോ. എൻ.പി. ആഷ്‌ലി, ഡോ. നിഷ മാത്യു, സി.എസ്. വെങ്കിടേശ്വരൻ, ഡോ. ഹരിപ്രസാദ് അത്താനിക്കൽ, ഡോ. പി.പവിത്രൻ, ഡോ.എം.ബി. മനോജ് തുടങ്ങിയവരും വിദേശത്തുനിന്നുൾപ്പെടെയുള്ള വിദഗ്ധരും വിവിധ ദിവസങ്ങളിൽ പ്രഭാഷണം നടത്തും. വിവിധ സർവകലാശാലകളിലെ ഗവേഷകരും വിദ്യാർഥികളും പ്രബന്ധങ്ങൾ അവതരിപ്പിക്കും.*

*23 മുതൽ 25 വരെയുള്ള ദിവസങ്ങളിൽ വൈകുന്നേരം ആറിന് മീറ്റ് ദി ആർട്ടിസ്റ്റ് പരിപാടി നടക്കും. 23ന് ചവിട്ടുനാടക കലാകാരന്മാരായ കുട്ടപ്പനാശാൻ, ബ്രിട്ടോ വിൽസൺ, പോൾസൺ ഗോതുരുത്ത് എന്നിവരും പ്രശസ്ത കാലിഗ്രഫി ആർട്ടിസ്റ്റ് ഭട്ടതിരി 24നും രാമചന്ദ്ര പുലവർ 25നും പങ്കെടുക്കും.*

*എല്ലാ ദിവസവും രാത്രി ഏഴിന് കലാവിരുന്നുമുണ്ട്. 22ന് പ്രശസ്ത സംഗീതജ്ഞനായ ശ്രീവത്സൻ ജെ.മേനോന്റെ പാട്ടുവതരണവും 23ന് ചവിട്ടുനാടകവും 24ന് മട്ടന്നൂർ ശ്രീരാജും സംഘവും അവതരിപ്പിക്കുന്ന തായമ്പകയും 25ന് തോൽപ്പാവക്കൂത്തും അരങ്ങേറും. ഡോ. അജു കെ. നാരായണൻ ഏകോപനം നിർവഹിക്കുന്ന പരിപാടിയുടെ ക്യൂറേറ്റർ കേളി രാമചന്ദ്രനാണ്.*

## പരീക്ഷാഫലം

*പത്താം സെമസ്റ്റർ ഐഎംസിഎ (2019 അഡ്മിഷനുകൾ റെഗുലർ, 2017, 2018 അഡ്മിഷനുകൾ സപ്ലിമെന്ററി) ഡിഡിഎംസിഎ 2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് ജൂലൈ 2024) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.*

....................

*രണ്ടാം സെമസ്റ്റർ എംബിഎ (2023 അഡ്മിഷൻ റെഗുലർ, 2017, 2018 അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് ജൂൺ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.*

*പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധയ്ക്കും നിശ്ചിത ഫീസ് അടച്ച് ഓൺലൈനായി ഒക്ടോബർ 23വരെ അപേക്ഷ സമർപ്പിക്കാം.*

*(പി.ആർ.ഒ/39/936/2024)*

## വൈവ വോസി

*ആറാം സെമസ്റ്റർ ബിബിഎ സിബിസിഎസ്എസ് (2009 മുതൽ 2012 വരെ അഡ്മിഷനുകൾ ഇംപ്രൂവ്മെന്റും മെഴ്സി ചാൻസും ഒക്ടോബർ 2022) പരീക്ഷയുടെ പ്രൊജക്ട് ഇവാലുവേഷൻ വൈവാ വോസി പരീക്ഷകൾ ഒക്ടോബർ 21 ന് മട്ടാഞ്ചേരി എസ്ആർബിസി ഗുജറാത്തി ഗവൺമെന്റ് കോളജിൽ നടക്കും.*

*(പി.ആർ.ഒ/39/937/2024)*

## അപേക്ഷ ക്ഷണിച്ചു

*മഹാത്മാഗാന്ധി സർവകലാശാലയിലെ സെന്റർ ഫോർ യോഗ ആന്റ് നാച്ചുറോപതിയിൽ ഡിപ്ലോമ ഇൻ യോഗ ആന്റ് നാച്ചുറൽ ലിവിംഗ്, പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ യോഗ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഓഫ്ലൈൻ ഓൺലൈൻ ക്ലാസുകൾ ഉണ്ടാകും. നവംബർ 15 വരെ അപേക്ഷ സ്വീകരിക്കും. വിശദവിവരങ്ങൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/938/2024)*

## ഡിമെൻഷ്യ കെയർ; ഡിപ്ലോമ, സർട്ടിഫിക്കറ്റ് കോഴ്സുകൾ

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസും പാലാ ഡിമെൻഷ്യ കെയറും സംയുക്തമായി നടത്തുന്ന ഡിമെൻഷ്യ കെയർ ആന്റ് കൗൺസലിംഗ് ഡിപ്ലോമ, സർട്ടിഫിക്കറ്റ് കോഴ്സുകളിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. ഡിപ്ലോമ കോഴ്സ് ഒരു വർഷവും സർട്ടിഫിക്കറ്റ് കോഴ്സ് ആറു മാസവുമാണ്. യോഗ്യത പ്ലസ് ടു അല്ലെങ്കിൽ പ്രീ ഡിഗ്രി.*

*സർട്ടിഫിക്കറ്റ് കോഴ്സിന് പ്രായപരിധിയില്ല. ഫോൺ -9288757184, 9447226779 ഇമെയിൽ-* iucdsmgu@mgu.ac.in.

*(പി.ആർ.ഒ/39/939/2024)*

പബ്ലിക് റിലേഷൻസ് ഓഫീസർ